പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.918 06.06.2018 -ലെ മറുപടിക്ക്

## ബി.ഇ.ഒ തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ആയി ഉയർത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോ എബ്രഹാം | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 15,000 ന മുകളിൽ പട്ടികജാതി ജനസംഖ്യ ഉള്ള ബ്ലോക്കുകളിലെ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (BEO) തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ആയി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിലാണ് ഇത്തരത്തിൽ ഉയർത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | G.O.(P)32/2000/SCSTDD, dated 09.05.2000 സർക്കാർ ഉത്തരവ് പ്രകാരം അന്നത്തെ കണക്കനുസരിച്ച് 15000-ൽ കൂടുതൽ പട്ടികജാതി ജനസംഖ്യയുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന ബ്ലോക്ക് എകസ്റ്റെൻഷൻ ഓഫീസർ തസ്തിക, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ 63 ബ്ലോക്ക് പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷനുകളിലാണ് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയുള്ളത്. ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-II ആയി പുനർനാമകരണം ചെയ്തിട്ടുണ്ട്. |
| (ബി) | 15,000-ന മുകളിൽ പട്ടികജാതി ജനസംഖ്യയുള്ള എത്ര ബ്ലോക്കുകളിലെ തസ്തിക ഇനി ഉയർത്താനുണ്ടെന്നും അതിലെ കാലതാമസം എന്താണെന്നും അറിയിക്കാമോ; | (ബി & സി) | 15000 ന് മുകളിൽ പട്ടികജാതി ജനസംഖ്യയുള്ള 36 ബ്ലോക്ക്/മുനിസിപ്പാലിറ്റികളിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-II തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്- I തസ്തികയായി ഉയർത്തുവാനുണ്ട്. ഇതു സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | മുഴുവൻ ബ്ലോക്കിലെയും ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ(BEO) തസ്തിക ഗ്രേഡ്-I ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ